പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 250

# 2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2013

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 250

# 2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ

1248/2013.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 250

# 2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ

## 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റും 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റും 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും ഇനി പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2013 സെപ്റ്റംബർ 19-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 1986-ലെ 31-ാം ആക്റ്റിന്റെ ഭേദഗതി.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (1986-ലെ 31), 7-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങൾ നടത്തുന്നതിൽ, സർവ്വകലാശാല, 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ 14-ാം ചട്ടത്തിലെ (എ), (ബി), (സി) എന്നീ ഖണ്ഡങ്ങളിലെ വ്യവസ്ഥകളും 15, 16, 17, 17എ എന്നീ ചട്ടങ്ങളിലെ വ്യവസ്ഥകളും, അതതു സമയങ്ങളിൽ ഭേദഗതി ചെയ്തപ്രകാരം, ആവശ്യമായ മാറ്റങ്ങളോടെ, പാലിക്കേണ്ടതും എല്ലാ വകുപ്പുകളും ഒരു യൂണിറ്റ് ആയി പരിഗണിച്ച് കാറ്റഗറി തിരിച്ച് സാമുദായികക്രമം തുടരേണ്ടതുമാണ്.".

1248/2013.

3. 2013-ലെ 24-ാം ആക്റ്റിന്റെ ഭേദഗതി.—2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ (2013-ലെ 24), 40-ാം വകുപ്പിനുപകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"40. നിയമനങ്ങളുടെ സംവരണം.—അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങൾ നടത്തുന്നതിൽ, സർവ്വകലാശാല, 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ 14-ാം ചട്ടത്തിലെ (എ), (ബി), (സി) എന്നീ ഖണ്ഡങ്ങളിലെ വ്യവസ്ഥകളും 15, 16, 17, 17എ എന്നീ ചട്ടങ്ങളിലെ വ്യവസ്ഥകളും, അതതു സമയങ്ങളിൽ ഭേദഗതി ചെയ്തപ്രകാരം, ആവശ്യമായ മാറ്റങ്ങളോടെ, പാലിക്കേണ്ടതും എല്ലാ വകുപ്പുകളും ഒരു യൂണിറ്റ് ആയി പരിഗണിച്ച് കാറ്റഗറി തിരിച്ച് സാമുദായികക്രമം തുടരേണ്ടതുമാണ്.".

4. റദ്ദാക്കലും ഒഴിവാക്കലും.—(1) 2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ഓർഡിനൻസ് (2013-ലെ 50) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റ് പ്രകാരവും 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റ് പ്രകാരവും ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റ് പ്രകാരവും 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റ് പ്രകാരവും യഥാക്രമം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്തെ സർവ്വകലാശാല ആക്റ്റുകളിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങളെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഏകീകൃതമല്ല. ആയതിനാൽ സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾ വ്യത്യസ്ത സംവരണ തത്വങ്ങളും സാമുദായികക്രമവുമാണ് പിൻതുടർന്ന് വരുന്നത്. സംവരണത്തിനായി കാറ്റഗറി തിരിച്ചുള്ള തസ്തികകൾ എങ്ങനെ പരിഗണിക്കണമെന്ന്, അതായത് ഓരോ പഠന വകുപ്പുകളായാണോ അല്ലെങ്കിൽ പഠനവകുപ്പുകൾ മൊത്തത്തിലുമായാണോ പരിഗണിക്കേണ്ടത് എന്നത് സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥകളില്ല. മറ്റ് സർവ്വകലാശാലാ ആക്റ്റുകളിലുള്ളതുപോലെ 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിന്റെ (1986-ലെ 31) 7-ാം വകുപ്പിലും 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിന്റെ (2013-ലെ 24) 40-ാം വകുപ്പിലും അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനത്തിനായുള്ള സംവരണ തത്വങ്ങൾ സംബന്ധിച്ച വ്യവസ്ഥകൾ അവ്യക്തവും വ്യത്യസ്ത വ്യാഖ്യാനങ്ങൾക്ക് ഇടവരുത്തുന്നതുമാണ്. എന്നാൽ, സംവരണവും സാമുദായികക്രമവും സംബന്ധിച്ച് 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിലെ (1996-ലെ 22)

6-ാം വകുപ്പിലെ വ്യവസ്ഥകൾ കൂടുതൽ വ്യക്തമാണെന്ന് സർക്കാർ കരുതുന്നു. ആയതിനാൽ, സംസ്ഥാനത്തെ സർവ്വകലാശാലകളിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങളിൽ സംവരണവും സാമുദായികക്രമവും സംബന്ധിച്ച് ഒരു ഏകീകൃത വ്യവസ്ഥ കൊണ്ടുവരേണ്ടത് ആവശ്യമാണെന്നും എല്ലാ വകുപ്പുകളും ഒരു യൂണിറ്റായി പരിഗണിച്ച് കാറ്റഗറി തിരിച്ച് സാമുദായികക്രമം തുടരേണ്ടതാണെന്നും സർക്കാർ കരുതുന്നു. ഇതിനായി 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിലെ 6-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി പ്രസ്തുത സർവ്വകലാശാല ആക്റ്റുകൾ ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചു.

2. സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, 2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ഓർഡിനൻസ് 2013 സെപ്റ്റംബർ 19-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2013 സെപ്റ്റംബർ 19-ാം തീയതിയിലെ 2733-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2013-ലെ 50-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

പി. കെ. അബ്ദു റബ്ബ്.

## 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (1986-ലെ 31) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** **

7. സർവ്വകലാശാലയിൽ എല്ലാവർഗ്ഗക്കാർക്കും മതവിശ്വാസികൾക്കും പ്രവേശനം നൽകൽ.—(1) ** ** **

(2) സർവ്വകലാശാലയുടെ കീഴിലുള്ള ഏതെങ്കിലും സർവ്വീസിലോ, ക്ലാസിലോ, കാറ്റഗറിയിലോപെട്ട സിൻഡിക്കേറ്റ് തീരുമാനിക്കുന്ന എല്ലാ തസ്തികകളിലേക്കും നിയമനം നടത്തുമ്പോൾ കാലാകാലങ്ങളിൽ ഭേദഗതി ചെയ്യുന്ന പ്രകാരമുള്ള 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ 14-ാം ചട്ടത്തിലെ (എ), (ബി), (സി) എന്നീ ഖണ്ഡങ്ങളിലെ വ്യവസ്ഥകളും 15, 16, 17, 17എ എന്നീ ചട്ടങ്ങളിലെ വ്യവസ്ഥകളും ആവശ്യമായ ഭേദഗതികളോടുകൂടി സർവ്വകലാശാല പാലിക്കേണ്ടതാണ്.

** ** ** **

## 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ (2013-ലെ 24) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** **

40. നിയമനങ്ങളുടെ സംവരണം.—പട്ടികജാതിക്കാർക്കും പട്ടികഗോത്ര വർഗ്ഗക്കാർക്കും മറ്റ് പിന്നാക്ക വിഭാഗങ്ങളിൽപ്പെടുന്നവർക്കും സർക്കാരിന്റെ കീഴിലുള്ള തസ്തികകളിലേക്കുള്ള നിയമനങ്ങൾക്ക് ബാധകമായ സംവരണ ചട്ടങ്ങൾ സർവ്വകലാശാലയിലെ അദ്ധ്യാപകരുടെയും അദ്ധ്യാപകേതര ജീവനക്കാരുടെയും നിയമനത്തിന്റെ കാര്യത്തിൽ ബാധകമായിരിക്കുന്നതാണ്.

** ** ** **